ലോക്കൽ ലൈബ്രറി അതോറിറ്റി എംപ്ലോയീസ് കോ-ഓപ്പറേഷൻ കമ്മിറ്റിയും രണ്ട് ഹർജികൾ കേരളാ ഹൈക്കോടതിയിൽ സമർപ്പിച്ചത് തീരുമാനമായിട്ടില്ല. എന്നാൽ മേൽപ്പടി വസ്തുവിൻമേലുള്ള അവകാശ തർക്കം ഹൈക്കോടതി തീരുമാനത്തിന് വിധേയമായി കോഴിക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ ആസ്തി ബാദ്ധ്യതകൾ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കൈമാറുന്നതിനുള്ള വിജ്ഞാപനം 19.12.1998-ൽ പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് കോഴിക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ ആസ്തി ബാദ്ധ്യതകൾ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലാ ലൈബ്രറി കൗൺസിലുകൾക്ക് കൈമാറിയിട്ടുണ്ട്. 20.3.1999-ന് അതാത് ലൈബ്രറി കൗൺസിലുകൾ ഇതിന്റെയടിസ്ഥാനത്തിൽ ഈ ആസ്തി ബാദ്ധ്യതകൾ ഏറ്റെടുത്തിട്ടുണ്ട്. 20.3.1999-ൽ അതിന്റെ എല്ലാ നടപടികളും പൂർത്തിയായി. എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അതുകൂടി മാറ്റുന്നതാണ്.

(13) കേരള സർവകലാശാലാ ജീവനക്കാരുടെ സമരം അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. കാർത്തികേയൻ : സർ, നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം ഭാഗികമായി സ്തംഭനാവസ്ഥയിലാണ്. കഴിഞ്ഞ 13 ദിവസമായി കേരള സർവകലാശാലയിലെ ജീവനക്കാർ സമരത്തിലാണ്. ഡിഗ്രി പരീക്ഷകളുടേയും പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിഗ്രി പരീക്ഷകളുടേയും ഫലം ഇനി വരാനിരിക്കുന്നതേയുള്ളൂ. പ്രീഡിഗ്രി പരീക്ഷ എഴുതിയ കുട്ടികൾക്കുതന്നെ കേരളത്തിൽ ഉന്നത വിദ്യാഭ്യാസം എല്ലാപേർക്കും ലഭിക്കാത്തതുകൊണ്ട് ധാരാളം വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളിൽ പോയാണ് പഠിക്കുന്നത്. അതിനാവശ്യമായ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണം യൂണിവേഴ്സിറ്റികളിൽ നടക്കുന്നില്ല. ഞാൻ ഇതിനകത്ത് രാഷ്ട്രീയമൊന്നും പറയുന്നില്ല. കഴിഞ്ഞ കുറെക്കാലമായി ഇതാണ് അവസ്ഥ. അവിടെ സെനറ്റിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ സി.പി.ഐ. - കോൺഗ്രസ് സഖ്യമാണ് ഇത്തവണ വിജയിച്ചത്. അവിടെ സിൻഡിക്കേറ്റിന്റെ പ്രധാനപ്പെട്ട റോൾ അങ്ങേയ്ക്കറിയാം. ഇത്തരം സന്ദർഭങ്ങളിൽ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റാണ് ഈ കാര്യങ്ങളിൽ ഇടപെടേണ്ടത്, മദ്ധ്യസ്ഥരായി വരേണ്ടത്. ഈ തെരഞ്ഞെടുപ്പിൽ നടന്നിട്ടുള്ള ഒരു അട്ടിമറി രാഷ്ട്രീയമാണ്. രാഷ്ട്രീയമായി സി.പി.എം.-ന് പ്രാമുഖ്യമുള്ള സിൻഡിക്കേറ്റായിരുന്നു ഞാൻ ആരോപണ രൂപത്തിൽ പറയുന്നതല്ല. അതുകൊണ്ട് മദ്ധ്യസ്ഥരായി വരേണ്ടത് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റാണ്. സർവ്വകലാശാലയിലെ ക്യാബിനറ്റ് എന്നുപറയുന്നത് സിൻഡിക്കേറ്റാണ്. ഈ സിൻഡിക്കേറ്റ് മുഖം തിരിഞ്ഞ് നിൽക്കുന്നു. അതുകൊണ്ട് കഴിഞ്ഞ 13 ദിവസമായി സമരം നടക്കുകയാണ്. ആ സമരം അവസാനിപ്പിക്കുന്നതിനോ സമരത്തിനാധാരമായ കാര്യങ്ങൾ സമരക്കാരുമായി ചർച്ച നടത്തുന്നതിനോ മുൻകൈ എടുക്കാൻ ആരും തയ്യാറല്ല. ഇതു ചെയ്യേണ്ടത് സിൻഡിക്കേറ്റാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ അങ്ങയുടെ ഗുഡ്വിൽ, അങ്ങയുടെ സ്ഥാനമുപയോഗിച്ച്-സിൻഡിക്കേറ്റ് ഇങ്ങനെയൊരു നിലപാട് എടുത്തിരിക്കുന്നതുകൊണ്ട് അങ്ങ് ദയവുചെയ്ത് മദ്ധ്യസ്ഥനായി വന്ന് സർവകലാശാലാ രംഗത്ത് വന്നിട്ടുള്ള, ഉന്നതവിദ്യാഭ്യാസ രംഗത്ത് വന്നിട്ടുള്ള, സ്തംഭനാവസ്ഥ പരിഹരിക്കണം. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഒരു വർഷം നഷ്ടമാക്കുന്ന സ്ഥിതിയാണ്. പഴയകാലത്തെ പ്രീഡിഗ്രി

LIBRARY ARCHIVES Kerala Legislative Assembly

സമരവുമായി ബന്ധപ്പെട്ട് കേരളത്തിലെ വിദ്യാർത്ഥികൾക്കുവന്ന ഒരു വർഷത്തെ നഷ്ടം നമ്മുടെ മുൻപിലുണ്ട്. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ കിട്ടാത്തതു കൊണ്ടും ഡിഗ്രികളുടെയും ബിരുദാനന്തര ബിരുദത്തിന്റേയും റിസൽറ്റ് വരാൻ താമസിക്കുന്നതുകൊണ്ടും മറ്റു സർവകലാശാലകളിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ അവസരം നഷ്ടപ്പെടുന്ന, കുട്ടികളുടെ ഒരു വർഷം നഷ്ടപ്പെടുന്ന, ഇത്തരം ഗുരുതരമായ സ്ഥിതി കണക്കിലെടുത്ത് അടിയന്തിരമായി സർക്കാർ ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ വിഷയം ഇതിനുമുമ്പും ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗത്തിൽ യൂണിവേഴ്സിറ്റി എംപ്ലോയീസ് തള്ളിക്കയറിയതുമൂലമുണ്ടായ ഒരു പ്രശ്നത്തെത്തുടർന്ന് രണ്ടു പേരെ സസ്പെന്റ് ചെയ്തു. സമരം ഇപ്പോഴും തുടരുകയാണ്. ഒരു വിഭാഗം ജീവനക്കാർ സമരത്തിലാണ്. സമരം തീർക്കേണ്ടത് യൂണിവേഴ്സിറ്റി അധികൃതർ തന്നെയാണ്. ബഹു. ജി. കാർത്തികേയൻ ഇവിടെ ഉന്നയിച്ച പശ്ചാത്തലത്തിൽ ഞാൻ യൂണിവേഴ്സിറ്റി വൈസ്ചാൻസലറുമായും സിൻഡിക്കേറ്റുമായും ബന്ധപ്പെട്ട് എല്ലുപ്പം ഈ പ്രശ്നം പരിഹരിച്ച് ശാന്തമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അവരുമായി സംസാരിക്കുന്നതാണ്.

IV. ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

XXV പട്ടികജാതി-പട്ടികവർഗ്ഗം മറ്റു പിന്നോക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം, XXIX കൃഷി, XXXI മൃഗസംരക്ഷണം, XXXII ക്ഷീരവ്യവസായം.

(പ്രത്യേകലിസ്റ്റ് പ്രകാരം *)

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : പട്ടികജാതി-പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

---

* അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly